**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **10-06-2021 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് നാലുവരിപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2016-17, 2017-18 ബജറ്റുകളിൽ യഥാക്രമം 30 കോടിയും 37 കോടിയും തുക അനുവദിച്ചിട്ടുള്ളതും കിഫ്ബിയിൽ ഉൾപ്പെടുത്തിയതുമായ തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തങ്കളം - കാക്കനാട് റോഡ് നാലുവരിപാത നിർമ്മാണത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട കോതമംഗലം മണ്ഡലത്തിലെ മാന്നാറി മൈക്രോസ്റ്റേഷൻ മുതൽ തങ്കളം വരെയുള്ള (20/000 മുതൽ 27/300 കി.മീ). റോഡിന്റെ 25/900 മുതൽ 27/300 (തങ്കളം ജംഗ്ഷൻ) വരെ പൂർത്തീകരിച്ചതൊഴികെ ബാക്കി ഭാഗങ്ങളിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | 255 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും ആയതിന് അംഗീകാരം ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മേൽ പ്രവർത്തിക്കായി 225 കോടി രൂപയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച ഡിപിആർ പ്രാഥമിക സാങ്കേതിക അവലോകന റിപ്പോർട്ടിന്മേൽ മറുപടി റിപ്പോർട്ട്, റിവൈസ്ഡ് ഡിപിആർ സഹിതം സാമ്പത്തിക അനുമതിക്കായി കിഫ്ബിയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി 12/02/2021-ൽ പുതുക്കി നൽകിയിട്ടുണ്ട്. |
| (ഡി) | ഭരണാനുമതി പുതുക്കി നൽകി പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | പ്രവൃത്തി ആരംഭിക്കുന്നതിനായി റിവൈസ്ഡ് ഡിപിആർ-ന് കിഫ്ബി-യിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ